"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ സെന്റ്.ആന്റണീസ് ചർച്ച് ശ്മശാനം പണിയുന്നതിനെതിരായി ശ്രീ.ദിലീപ് മുതലായവർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P(C) No.19192/2013 ലെ 12/07/2022 തീയതിയിലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

G.O.(Rt)No.1242/2023/LSGD തീയതി,തിരുവനന്തപുരം, 16-06-2023

---

പരാമർശം:-

1. ബഹു.കേരള ഹൈക്കോടതിയുടെ W.P(C) No.19192/2013 യിലെ 12/07/2022 തീയതിയിലെ വിധിന്യായം
2. എറണാകുളം ജില്ലാ പോലീസ് മേധാവിയുടെ 15/12/2022 തീയതിയിലെ ഡി.2-74670/2022/ഇ നമ്പർ റിപ്പോർട്ട്
3. കേരള സംസ്ഥാന മലിനീകരണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 09/01/2023 തീയതിയിലെ പി.സി.ബി/എച്ച്.ഒ/ജി.ഒ.വി.റ്റി-സി.ഒ.എം.പി/2022 നമ്പർ റിപ്പോർട്ട്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 20/01/2023 തീയതിയിലെ എൽ.ഐ.ഡി.ഇ.ഡബ്ല്യൂ/425/2022-ഡി.ബി.2 നമ്പർ റിപ്പോർട്ട്.
5. കൊട്ടുവള്ളി വില്ലേജ് ഓഫീസറുടെ 17/04/2023 തീയതിയിലെ 236/2023 നമ്പർ റിപ്പോർട്ട്.
6. എറണാകുളം ഡി.എം.ഒ യുടെ 29/05/2023 തീയതിയിലെ സി.2/17444/2022 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ സെന്റ്.ആന്റണീസ് ചർച്ച് ശ്മശാനം പണിയുന്നതിനെതിരായി ശ്രീ.ദിലീപ് മുതലായവർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ W.P(C) No.19192/2013 ഫയൽ ചെയ്യുകയും പ്രസ്തുത കേസിൽ പരാമർശം(1) പ്രകാരം ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2. ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം(1) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 15/11/2022-ന് ബന്ധപ്പെട്ട കക്ഷികളെ തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർസെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. ഹിയറിങ്ങിന് ഹർജിക്കാരും 5-ാം നമ്പർ എതിർകക്ഷിയും ഹാജരാകുകയുണ്ടായി.

3. നിർദിഷ്ട സ്ഥലത്തു സെമിത്തേരി പണിതാൽ ഉണ്ടാകുന്ന മലിനീകരണം സംബന്ധിച്ച വിഷയങ്ങളെപ്പറ്റി ഹർജിക്കാർ ആകുലരായിരുന്നു. വാൾട് ടൈപ്പ് സെമിത്തേരി ആണെങ്കിലും,

അഞ്ചു വശങ്ങൾ മാത്രമേ കോൺക്രീറ്റ് കൊണ്ട് ആവരണം ചെയ്യുള്ളൂ എന്നും, അടിയിലെ ഭാഗം മണ്ണുമായി ചേരുന്ന സ്ഥലം ആയതിനാൽ, അവിടെ മണ്ണുമായി ബന്ധം ഉള്ള രീതിയിൽ ആണ് നിർമ്മിക്കുന്നത് എന്നും, ഇതിൽ പരിസരവാസികൾക്കു ആശങ്ക ഉണ്ടെന്നും ബോധിപ്പിച്ചു, മുൻപൊരിക്കൽ സമൂഹ സദ്യ നടത്തിയ വേളയിൽ ഭക്ഷണ അവശിഷ്ടങ്ങൾ ഇട്ടു മൂടിയ ഭാഗത്ത് നിന്നും ദ്രവിച്ചു ഒഴുകി വന്നവ കാരണം ചുറ്റുവട്ടത്തെ കിണറുകൾ വരെ മലിനപ്പെടുകയും, വെള്ളത്തിന് നെയ് മണം ഉണ്ടാകുകയും, ഒടുവിൽ അവയെല്ലാം പോലീസിന്റെ മേൽനോട്ടത്തിൽ, വൃത്തിയാക്കിപ്പിക്കുകയാണ് ഉണ്ടായതെന്നും, അറിയിച്ചു. മണൽ തരിയുള്ളതും, മുറുക്കം കുറഞ്ഞതും കാരണം നീര് ഒലിപ്പ് കൂടുതൽ ആണെന്നും അറിയിച്ചു.

4. തുടർന്ന് വാൾട് ടൈപ്പ് സെമിത്തേരിക്ക് ഉണ്ടാകേണ്ട സ്പെസിഫിക്കേഷൻസ് സംബന്ധിച്ചു ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട്, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് പ്രദേശം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാനും, അതോടൊപ്പം പ്രസ്തുത പ്രദേശത്തെ വെള്ളത്തിന്റെ മലിനീകരണ തോത് സംബന്ധിച്ചും, പ്രദേശത്തെ മണ്ണിന്റെ ഘടനയും, ആഗിരണവും വ്യക്തമാക്കുന്നതുമായ റിപ്പോർട്ടുകൾ ലഭ്യമാക്കുവാനും, സെമിത്തേരി പണിയാൻ ഉദ്ദേശിക്കുന്ന പള്ളിക്ക് ചുറ്റുമുള്ള വീടുകളിൽ നിന്നും എത്ര ഉയരത്തിൽ ആണ് പള്ളിയുടെ സ്ഥാനം (എലിവേഷൻ) സംബന്ധിച്ചും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട്, പ്രസ്തുത പ്രദേശത്തെ ക്രമസമാധാനം സംബന്ധിച്ചു ജില്ലാ പോലീസ് ഓഫീസറുടെ റിപ്പോർട്ട്, 5 ആം എതിർ കക്ഷിയെ നോട്ടീസ് നൽകി അറിയിച്ച ശേഷം, സ്ഥല പരിശോധന നടത്തി പ്രസ്തുത വിഷയത്തിൽ ഡി.എം.ഒ യുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിരുന്നു.

5. ജില്ലാ പോലീസ് മേധാവിയുടെ പരാമർശം(2) റിപ്പോർട്ട് പ്രകാരംബന്ധപ്പെട്ട എസ്.എച്ച്.ഒ സ്ഥല പരിശോധന നടത്തിയതിൽ സെമിത്തേരി പണികഴിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രദേശത്ത് നിലവിൽ ക്രമസമാധാന പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അന്വേഷിച്ചതിൽ നിന്നും 2013-ൽ പള്ളിയോട് ചേർന്നുള്ള സെമിത്തേരിയോട് ചേർന്ന് തകർന്ന മതിലിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് ചെറിയ തോതിൽ തർക്കമുണ്ടായിരുന്നു. എന്നാൽ ടി പ്രശ്നം ഉഭയകക്ഷി ചർച്ചയിലൂടെ പരിഹരിച്ചു എന്നും റിപ്പോർട്ട് ചെയ്തു.

6. കേരള സംസ്ഥാന മലിനീകരണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ പരാമർശം(3) റിപ്പോർട്ട് പ്രകാരം W.P(C) No.19192/2013 - ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം 03/12/2022 തീയതിയിൽ നോട്ടീസ് നൽകി 14/12/2022 തീയതിയിൽ ശ്മശാനം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ബോർഡിന്റെ ഏലൂർ ഓഫീസിലെ ഉദ്യോഗസ്ഥർ സന്ദർശിച്ചു. സ്ഥലം സന്ദർശിച്ച സമയത്ത് പരാതിക്കാരായ ദിലീപ് ആർ, സന്തോഷ് കുമാർ എന്നിവർ ഒഴികെ മറ്റെല്ലാവരും ഹാജരായിരുന്നു. പരാതിക്കാരുടെ വീട്, നിർമ്മിക്കാനുദ്ദേശിക്കുന്ന വോൾട്ട്കളിൽ നിന്നും 25 മീറ്റർ ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ജലനിരപ്പ് ഉയർന്ന ഭൂപ്രദേശമായതിനാൽ ശ്മശാനം നിർമ്മിതമായാൽ തങ്ങളുടെ ജലസ്രോതസ്സുകൾ മലിനപ്പെടുമെന്ന ആശങ്ക പരാതിക്കാർ അറിയിച്ചു. പള്ളി, അടുത്തവീടുകളിലെ കിണർ, അടുത്തുള്ള തോട് എന്നിവിടങ്ങളിൽ നിന്നും ജലം ശേഖരിച്ച് അനാലിസിസിനായി ലാബിലേക്ക് അയച്ചിരുന്നു. ടി റിപ്പോർട്ട് പ്രകാരം ഈ ഭാഗത്തെ വെള്ളത്തിന് അൽപ്പം അമ്ലതയും കോളിഫോം ബാക്ടീരിയയും ഉണ്ടെന്ന് സ്ഥിരീകരിക്കുന്നു. മലിനീകരണ നിയന്ത്രണബോർഡ് അനുമതി നൽകുന്ന പ്രക്രിയയിൽ വോൾട്ട് ടൈപ്പ് സെമിത്തേരി ഓറഞ്ച് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ചെറുകിട ഓറഞ്ച് കാറ്റഗറി യൂണിറ്റുകൾ അടുത്ത വീടുകളിൽ നിന്നും കുറഞ്ഞത് 25 മീറ്റർ അകലം പാലിച്ചിരിക്കണം. ഇവിടെ വോൾട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന

സ്ഥലത്ത് നിന്നും വീടുകൾ 25 മീറ്റർ അകലത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് പരിശോധനയിൽ സ്ഥിതീകരിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ കോൺക്രീറ്റ് വോൾട്ട് ശ്മശാനം നിർമ്മിക്കുവാനാണ് പള്ളി അധികാരികൾ തീരുമാനം എടുത്തിരിക്കുന്നത്. ഭൂമിയിൽ നിന്നും ഉയർത്തിയാണ് വോൾട്ട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അധികാരികൾ അറിയിച്ചു. ടി രീതിയിൽ ബോർഡിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് നിർമ്മിക്കുകയാണെങ്കിൽ പരിസര മലിനീകരണം ഉണ്ടാകുവാൻ സാധ്യത വളരെ കുറവാണ്. കൂടാതെ ഓറഞ്ച് കാറ്റഗറിയിൽ നിഷ്കർഷിക്കുന്ന വീടുകളിലേക്കുള്ള ദൂരപരിധിയായ 10 മീറ്ററും പൊതുസ്ഥാനങ്ങളിലേക്കുള്ള ദൂരപരിധിയായ 15 മീറ്ററും പാലിക്കുന്നുണ്ട്.

7. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ പരാമർശം(4) റിപ്പോർട്ട് പ്രകാരം ക്രിമറ്റോറിയം എന്നത് 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 25 പ്രകാരം ഗ്രൂപ്പ് 1 -ൽ ഉൾപ്പെടുന്നതാണ്. ആയതിന്റെ നിർമ്മാണാനുമതി നൽകുന്നതിന് 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 5(4) table Row 7 പ്രകാരം ജില്ലാ കളക്ടറിൽ നിന്നും എൻ ഒ സി, table 5(4) Row 12 പ്രകാരം ഫയർ എൻ ഒ സി, 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 30 table 2 പ്രകാരം ഡിസ്ട്രിക്ട് ടൗൺ പ്ലാനറിൽ നിന്നും അപ്രൂവൽ മുതലായവ ആവശ്യമാണ്. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 26 ടേബിൾ- 4 പ്രകാരം കെട്ടിടത്തിന്റെ നാലു വശങ്ങളിലും 7.50 മീറ്റർ സെറ്റ് ബാക്ക് ലഭിക്കേണ്ടതാണ്. 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 27 table 6 പ്രകാരം FSI മാക്സിമം 2 ഉം കവറേജ് മാക്സിമം 45 % ഉം ആണ് വേണ്ടത്. കൂടാതെ 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 28 ടേബിൾ- 8 വസ്തുവിലേക്കുള്ള പ്രവേശന മാർഗം മിനിമം 7 മീറ്റർ വീതി വേണ്ടതാണ് . കൂടാതെ 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യുന്നതിനും ദഹിപ്പിക്കുവാനുള്ള സ്ഥലങ്ങൾ) ചട്ടം 5(1) പ്രകാരം ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസുകളുടെയും 50 മീറ്റർ പരിധിക്കുള്ളിൽ മറവ് ചെയ്യുന്നതിനും ദഹിപ്പിക്കാനുമുള്ള സജീകരണങ്ങൾ ഏർപ്പെടുത്തുവാൻ പാടില്ല. എന്നാൽ Rule5 (2 ) പ്രകാരം കോൺക്രീറ്റ് കല്ലറകളുടെയും, വൈദ്യുതി ക്രമറ്റോറിയം എന്നതിനും കുറഞ്ഞത് 25 മീറ്റർ മതിയാകാവുന്നതാണ് എന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

8. കൊട്ടുവള്ളി വില്ലേജ് ഓഫീസറുടെ പരാമർശം(5) റിപ്പോർട്ട് പ്രകാരംഇതൊരു സമതല ഭൂമിയാണ്, എന്നാൽ പണിയാൻ ഉദ്ദേശിക്കുന്ന ശ്മശാനം കോമ്പൗണ്ടിന്റെ ഉള്ളിൽ തന്നെ പള്ളി സ്ഥിതി ചെയ്യുന്നതിന്റെ 4 അടി താഴെയാണ്. പള്ളിക്ക് ചുറ്റുമായി 9 വീടുകൾ ഉണ്ടെങ്കിലും നിർദിഷ്ട സെമിത്തേരിയുടെ അതിർത്തി പങ്കിടുന്ന ഭവനങ്ങളൊന്നുമില്ല. പള്ളിയുടെ കോമ്പൗണ്ടിൽ നിന്ന് 100 മീറ്റർ ചുറ്റളവിൽ ഏകദേശം 40 വീടുകൾ ഉണ്ട്. നിർദിഷ്ട സെമിത്തേരിക്ക് 10 സെന്റ് വസ്തു ഉള്ളതിനാലും vault type cemetery ആയതിനാലും അത് പള്ളിയുടെ അയൽവാസികൾക്ക് മലിനീകരണം ഉണ്ടാക്കുന്നതായി തോന്നുന്നില്ല. കൂടാതെ ബന്ധപ്പെട്ട ഇടവകയിൽ 1400 അംഗങ്ങളുണ്ട്. നിലവിൽ 3 കി.മീ ദൂരെയുള്ള 5000 പേർ അടങ്ങുന്ന സെന്റ് സെബാസ്റ്റ്യൻ പള്ളിയിലാണ് സംസ്കാരത്തിനായി കൊണ്ടുപോകുന്നത്. അതിനാൽ രണ്ട് ഇടവകയിലെ അംഗങ്ങളെയും സെന്റ് സെബാസ്റ്റ്യൻ പള്ളി സെമിത്തേരിയിൽ സംസ്കരിക്കുന്നത് അസാധ്യമാണെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

9. എറണാകുളം ഡി.എം.ഒ യുടെ പരാമർശം(6) റിപ്പോർട്ട് 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിൽ 5(1) പ്രകാരം നിർദ്ദിഷ്ട വോൾട്ട് സെമിത്തേരിക്ക് 25 മീറ്റർ ചുറ്റളവിൽ യാതൊരു വിധ കുടിവെള്ള സ്രോതസ്സുകളോ, ജനവാസ ഗൃഹങ്ങളോ ഇല്ലായെന്ന് ബോധ്യപ്പെട്ടു.ആയതിന്റെ

അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി സെമിത്തേരി പണി കഴിപ്പിക്കാവുന്നതാണ്.

1) ശ്മശാന ഭൂമിക്ക് ചുറ്റമായി 2 മീറ്റർ ഉയരത്തിൽ കുറയാതെ ചുറ്റമതിൽ നിർമ്മിക്കേണ്ടതും ആയതിനോടൊപ്പം ശക്തമായ സ്റ്റീൽ ഗേറ്റ്, പൂട്ട്, താക്കോൽ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

2) കൃത്യമായ ഇടവേളകളിൽ ശ്മശാനം ശുചീകരിക്കേണ്ടതും പരിസരം വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്.

3) രാത്രി സമയങ്ങളിൽ സെമിത്തേരിയിൽ മതിയായ പ്രകാശം ലഭിക്കുന്നതിനാവശ്യമായ സംവിധാനം സജ്ജമാക്കേണ്ടതാണ്.

4) അനുയോജ്യമായ ഇനത്തിൽ പെട്ടെന്ന് വളരുന്ന തരത്തിലുള്ള മരങ്ങൾ സെമിത്തേരിയിലും ചുറ്റമുള്ള പ്രദേശങ്ങളിലും വെച്ച് പിടിപ്പിക്കേണ്ടതും യഥാവിധം പരിപാലിക്കേണ്ടതുമാണ്. കൂടാതെ സെമിത്തേരിയിലും ചുറ്റമായി പൂച്ചെടികളും വച്ച് പിടിപ്പിക്കേണ്ടതുമാണ്.

5) ശ്മശാന സൂക്ഷിപ്പകാരൻ ബറിയൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ നടത്തുന്ന എല്ലാ ശവസംസ്കാരങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

6) സെമിത്തേരി കമ്മീഷൻ ചെയ്യുന്നതിന് മുമ്പായി ടി ഓഫീസിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം കരസ്ഥമാക്കേണ്ടതാണ്.

10. ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ടതിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, എറണാകുളം ഡി.എം.ഒ, മലിനീകരണ നിയന്ത്രണ ബോർഡ്, കൊട്ടുവള്ളി വില്ലേജ് ഓഫീസർ, ജില്ലാ പോലീസ് മേധാവി എന്നിവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വാൾട്ട് ടൈപ്പ് സെമിത്തേരിയുടെ മാനദണ്ഡങ്ങൾ എല്ലാം കർശനമായി പാലിച്ചുകൊണ്ടും, സെമിത്തേരി പണിയുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉയർന്ന പ്രദേശമായതിനാൽ അതിന് ചുറ്റമുള്ള ജലസ്രോതസ്സുകൾ മലിനമാകാതെ ഭൂമിയിൽ നിന്നും ഉയർത്തി പണിയുവാനുള്ള നിർദ്ദേശം നൽകി കൊണ്ടും കൊട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ സെന്റ്.ആന്റണീസ് ചർച്ചിന് കോൺക്രീറ്റ് വാൾട്ട് ടൈപ്പ് സെമിത്തേരി പണിയുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

11. W.P(C) No.19192/2013 യിൽ ബഹു.കേരള ഹൈക്കോടതി 12/07/2022 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം ഇതിനാൽ അനുപാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G
ADDITIONAL SECRETARY

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ഉപരിപത്രം സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ജില്ലാ കളക്ടർ, എറണാകുളം

ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ, എറണാകുളം

സെക്രട്ടറി, കൊട്ടുവള്ളി ഗ്രാമപഞ്ചായത്ത്, പറവൂർ താലൂക്ക്, എറണാകുളം

ശ്രീ.ദിലീപ്.ആർ, ദീപ്തി, ചെറിയപ്പള്ളി, കൈതാരം പി.ഒ, നോർത്ത് പറവൂർ

ശ്രീ.ഷാജി.സി.സി, ചിരട്ടക്കുളം, ചെറിയപ്പള്ളി, കൈതാരം പി.ഒ, നോർത്ത് പറവൂർ

ശ്രീ.സന്തോഷ് കുമാർ.പി.വി, പഴപറമ്പത്ത് ഹൗസ്, ചെറിയപ്പള്ളി, കൈതാരം പി.ഒ, നോർത്ത് പറവൂർ

സെക്രട്ടറി, എൻ.എസ്.എസ് കരയോഗം നം.812, കൈതാരം പി.ഒ, നോർത്ത് പറവൂർ
സെക്രട്ടറി, എസ്.എൻ.ഡി.പി നം.850, കൈതാരം പി.ഒ, നോർത്ത് പറവൂർ
ബഹു. വികാരി, സെന്റ് ആന്റണീസ് ചർച്ച്, കൊട്ടുവള്ളി വില്ലേജ്, പറവൂർ താലൂക്ക്, എറണാകുളം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Reenamma P A
Date: 16-06-2023 10:57:14

സെക്ഷൻ ഓഫീസർ